# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.794 | 11.06.2014 ൽ മറുപടിക്ക്

**മുല്ലപ്പെരിയാർ കേസിലെ വിധി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ. അജിത് | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ)മുല്ലപ്പെരിയാർപ്രശ്നം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിന്നുണ്ടായ വിധിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേരളവും തമിഴ് നാടും തമ്മിൽ നടന്നു വരികയായിരുന്ന അസൽ അന്യായത്തിന്മേൽ ( 3 of 2006) സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ച് 07.05.2014 ൽ അന്തിമവിധി പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിയുടെ പ്രസക്തഭാഗങ്ങൾ ചുവടെചേർക്കുന്നു.<br><br>I. (i) 2006 ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമം മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ബാധകമാക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്.<br><br>(ii)ഡാമിലെ ജലനിരപ്പ് 142 അടിയിലേക്ക ഉയർത്തുന്നതിനും ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തമിഴ് നാടിനെ തടസ്സപ്പെടുത്തുന്നതിൽ നിന്നും കേരളത്തിനെ ബഹുമാനപ്പെട്ട കോടതി തടഞ്ഞു.<br><br>II.എന്നാൽ ഈ വിഷയത്തിൽ കേരളത്തിന്റെ ഉത്കണ്ഠ കണക്കിലെടുത്ത് Central Water Commission -ലെ പ്രതിനിധി ചെയർമാനായും കേരളത്തിന്റേയും തമിഴ് നാടിന്റേയും ഓരോ പ്രതിനിധികളെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മൂന്നംഗ മേൽനോട്ട |

സമിതി രൂപീകരിക്കണമെന്ന്
ഭരണഘടനാബെഞ്ച് നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ അധികാരങ്ങളും ചുമതലകളും താഴെപ്പറയുന്നവയാണ്.

(a)മുല്ലപ്പെരിയാർ ഡാമിലെ പൂർണ്ണ ജലനിരപ്പ്(FRL) 142 അടിയിലേയ്ക്ക് പുനസ്ഥാപിക്കുന്നതിന് ഈ സമിതി മേൽനോട്ടം വഹിക്കും.
(b) ഈ സമിതി കാലാകാലങ്ങളിൽ (പ്രത്യേകിച്ചും വർഷകാലത്തിനു മുമ്പും വർഷകാലത്തും) സൂക്ഷ്മ പരിശോധന നടത്തേണ്ടതും ഡാമിന്റെ സുരക്ഷാകാര്യങ്ങൾ സൂക്ഷ്മനിരീക്ഷണം നടത്തി ആവശ്യമായ നടപടികൾ ശുപാർശ ചെയ്യേണ്ടതുമാണ്. പ്രസ്തുത ശുപാർശകൾ തമിഴ്നാട് നടപ്പിലാക്കണം.
(c) ഈ സമിതിയ്ക്ക് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട അടിയന്തര ഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കുന്നതിനും ഇരു സംസ്ഥാനങ്ങൾക്കും അല്ലെങ്കിൽ ഏതെങ്കിലും ഒരു സംസ്ഥാനത്തിനോ വേണ്ട നിർദേശങ്ങൾ നൽകുന്നതിനും അധികാരമുണ്ട്. ബന്ധപ്പെട്ട എല്ലാവരും ഈ നിർദ്ദേശങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥരാണ്.
(d)സമിതി കാലാകാലങ്ങളിൽ നടത്തുന്ന പരിശോധനകളിൽ ആവശ്യമായി കണ്ടെത്തുന്ന മുൻകരുതൽ നടപടികൾ Central Water Commission ന്റേയും ഡാം സേഫ്റ്റി ഓർഗനൈസേഷന്റേയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കുന്നതിന് തമിഴ് നാടിനെ സമിതി അനുവദിക്കേണ്ടതാണ്.

III. ഇതിനു പുറമേ പരസ്പര ധാരണയിൽ എത്തുന്ന സാഹചര്യത്തിൽ കേരളം നിർദ്ദേശിച്ചതു പോലെ ഡാം പണിയുന്നതിനു ഇരു സംസ്ഥാനങ്ങൾക്കും ഭരണഘടനാബെഞ്ച് സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്.

IV.1886 ലെ പാട്ടക്കരാർ നിയമപരമായി നിലനിൽക്കുന്നതാണ്. പെരിയാർ അന്തർസംസ്ഥാന നദി അല്ലെന്ന കേരളത്തിന്റെ വാദം ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ചില്ല.

| | | |
|---|---|---|
| | | V. ബഹുമാനപ്പെട്ട ഭരണഘടനാബഞ്ചിന്റെ വിധി അന്തിമവും നിയമപരമായി നടപ്പിലാക്കേണ്ടതുമാണ്. |
| ( ബി ) സുപ്രീംകോടതി വിധിക്കു ശേഷം അതിനെതിരായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സുപ്രീംകോടതിവിധി വന്നതിനുശേഷം ഈ വിഷയത്തിൽ ഭാവിയിൽ കൈക്കൊള്ളേണ്ട നടപടികൾ ചർച്ചചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.05.2014 ൽ കൂടിയ സർവ്വകക്ഷിയോഗത്തിൽ ഉണ്ടായ പൊതുധാരണയുടെ അടിസ്ഥാനത്തിൽ സുപ്രീംകോടതി വിധി പുന:പരിശോധിക്കുന്നതിലേക്കായി ഒരു റിവ്യൂ ഹർജി ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധമായ കാര്യങ്ങൾ നിരീക്ഷിച്ച് വേണ്ട നടപടികൾ എടുക്കാൻ ബഹു. സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതിയിലേക്ക് കേരളത്തിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.വി.ജെ.കുര്യനെ നാമനിർദ്ദേശം ചെയ്തു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ( സി ) സുപ്രീംകോടതിയിൽ ഈ കേസ് നടത്തിപ്പിൽ വീഴ്ച പറ്റിയതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | പരാമർശ വിധേയമായ കേസ്സിന്റെ നടത്തിപ്പിൽ വീഴ്ച പററിയിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ